## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2737** **19.07.2011 ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭാഗ്യക്കുറിവകുപ്പിന്റെ കാര്യക്ഷമത**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിവകുപ്പ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിക്കുന്നതിനും പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതിനും പരസ്യ പ്രക്ഷേപണം കാര്യക്ഷമമാക്കുന്നതിനും ഡയറക്ടർക്ക് കൂടുതൽ അധികാരം നൽകിയിട്ടുണ്ട്.<br>വകുപ്പിന്റെ നവീകരണ പരിപാടിയുടെ ഭാഗമായി ടിക്കറ്റ് അച്ചടി, വിതരണം, സമ്മാന വിതരണം എന്നീ മേഖലകളിൽ ക്രിയാത്മകമായ പരിഷ്കാരം വരുത്തിയിട്ടുണ്ട്. ടിക്കറ്റുകളുടെ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി റാൻഡം നമ്പറിംഗ്, ബാർകോഡ് എന്നീ സങ്കേതങ്ങൾ വികസിപ്പിച്ച് നടപ്പിലാക്കി.<br>ബാങ്ക് ഗ്യാരണ്ടിയിൽ ക മായി ടിക്കറ്റ് നൽകുന്നതിനുള്ള പരിധി 50 ലക്ഷം രൂപയിൽ നിന്നും ഒരു കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്.<br>വകുപ്പിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമ്മാന തുക പാസ്സാക്കുന്നതിനുള്ള പരിധി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് ഒരു ലക്ഷം രൂപയും, സമ്മാന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്ക് 20 ലക്ഷം രൂപയും ആക്കി ഉയർത്തി. 20 ലക്ഷം രൂപയിൽ കൂടുതലുള്ള സമ്മാന തുക ഭാഗ്യക്കുറി ഡയറക്ടർ പാസ്സാക്കി നൽകുന്നു<br>ഏജന്റുമാരെ കൂടുതൽ ആകർഷിക്കുന്നതിനായി ഏജൻസി രജിസ്ട്രേഷൻ റിന്യൂവൽ എന്നീ ഫീസുകളിൽ യഥാക്രമം 200, 50 രൂപ കുറവ് വരുത്തി. കാഷ്വൽ ഏജൻസി ഫീസ് 50 രൂപയാക്കി നിജപ്പെടുത്തി.<br>ഭാഗ്യക്കുറി പരസ്യ പ്രചാരണം ശക്തിപ്പെടുത്തി .ഭാഗ്യക്കുറി വകുപ്പിൽ രണ്ടാം ഘട്ട കമ്പ്യൂട്ടറൈസേഷൻ പരിപാടി നടപ്പിലാക്കി. ഭാഗ്യക്കുറി നറുക്കെടുപ്പ് ഫലം മൊബൈൽ ഫോണിൽ എസ്.എം.എസ് വഴി ലഭ്യമാക്കുന്നതിന് സംസ്ഥാന ഐ.ടി മിഷൻ |

| | | | |
|---|---|---|---|
| | | | വഴി നടപ്പിലാക്കുന്ന പദ്ധതിനടപ്പിലാക്കി ക്ഷേമനിധി അംഗങ്ങളായ ഏജന്റുമാർക്ക് പ്രത്യേക ധനസഹായം നൽകുകയും മറ്റ് ആനുകൂല്യങ്ങളുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്തു. |
| (ബി) | ഭാഗ്യക്കുറിയിൽ നിന്നുള്ള വിറ്റുവരവും ലാഭവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ ; | (ബി) യും (സി) യും | ഉണ്ട്,<br>ആഴ്ചയിൽ എല്ലാ ദിവസവും നറുക്കെടുപ്പ് നടത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൻ മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു കൂടാതെ ഈ വർഷത്തെ തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ മുഖവില 200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (ഡി) | വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എല്ലാ തസ്തികകളിലെ ഒഴിവുകളും നികത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിലവിൽ വരുന്ന എല്ലാ ഒഴിവുകളും അതാതു സമയത്ത് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ഉദ്യോഗാർത്ഥികളെ നിയമിക്കുകയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ